## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 608 | 29/05/2019 ൽ മറുപടിക്ക്

## 'മാന്നാർ പൈതൃക' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂരിലെ മാന്നാറിൽ കുടിൽ വ്യവസായവും തൊഴിലും സംരക്ഷിച്ച് ചൂഷണത്തിൽ നിന്ന് തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വിഭാവനം ചെയ്ത 'മാന്നാർ പൈതൃക' പദ്ധതി നടപ്പിലാക്കുന്നതിന് കരകൗശല കോർപ്പറേഷൻ പ്രോജക്റ്റ് തയ്യാറാക്കി 2019 ഫെബ്രുവരിയിൽ സമർപ്പിക്കുകയും തുടർന്ന് മാന്നാർ അലുമിനിയം ഇൻഡസ്ട്രീസ് ലിമിറ്റഡ് (അലിൻഡ്) എന്ന സ്ഥാപനത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന അഞ്ചേക്കർ സ്ഥലം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കരകൗശല കോർപ്പറേഷന് കൈമാറുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതി നടത്തിപ്പിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) 31 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ